പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5782 05.07.2013 ൽ മറുപടിക്ക്

## സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സീനിയർ അസിസ്റ്റന്റ് I ഉം II ഉം തസ്തികയിൽ എത്ര വേക്കൻസികൾ ഉണ്ട്; ഇതിൽ എത്രയെണ്ണം കോർപ്പറേഷൻ ജീവനക്കാർക്ക് നീക്കിവച്ചിരിക്കുന്നു; എത്രയെണ്ണം നികത്താതെ കിടക്കുന്നു; ഇവ നികത്താതെ കിടക്കുന്നുവെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) സപ്ലൈകോയിൽ സീനിയർ അസിസ്റ്റന്റ് -I 413, സീനിയർ അസിസ്റ്റന്റ് - II 324 എന്ന പ്രകാരം തസ്തികകൾ ഉണ്ട്. ഇതിൽ കോർപ്പറേഷൻ ജീവനക്കാർക്കായി സീനിയർ അസിസ്റ്റന്റ് - I ന്റെ 10 ഉം സീനിയർ അസിസ്റ്റന്റ് - II ന്റെ 19 ഉം തസ്തികകൾ നീക്കിവച്ചിരിക്കുന്നു. സീനിയർ അസിസ്റ്റന്റ് - II ആയി 10 വർഷത്തെ പ്രവൃത്തിപരിചയമുള്ള വർക്കാണ് സീനിയർ അസിസ്റ്റന്റ് - I ആയി പ്രമോഷൻ നൽകുന്നത്. ഇപ്രകാരം സീനിയർ അസിസ്റ്റന്റ് - II ആയി 10 വർഷത്തെ പ്രവൃത്തിപരിചയമുള്ളവർ സപ്ലൈകോയിൽ ഇല്ലാത്തതിനാലാണ് സപ്ലൈകോ ജീവനക്കാർക്ക് പ്രമോഷൻ നൽകാത്തത്. യോഗ്യത പൂർത്തിയാവുന്ന മുറയ്ക്ക് പ്രമോഷൻ നൽകുന്നതാണ്. സീനിയർ അസിസ്റ്റന്റ് - II ന്റെ ഒഴിവുകൾ നിലവി ലില്ല.<br>നിലവിൽ സീനിയർ അസിസ്റ്റന്റ് - I ന്റെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനുവദിച്ചിരിക്കുന്ന 26 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഡെപ്യൂട്ടേഷൻ ഉത്തരവായിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ നിന്നും വിടുതൽ ചെയ്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലിക്ക് ഹാജരാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തപ്പെടുന്നതാണ്. |

| | |
|---|---|
| (ബി) സിവിൽ സപ്ലൈസ് വകുപ്പിലെ എം.ബി.എ. ഡിഗ്രിയുള്ള അസിസ്റ്റന്റ് സെയിൽസ്മാനെ സപ്ലൈകോയിൽ അസിസ്റ്റന്റ് മാനേജരായി നിയമിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) സപ്ലൈകോയുടെ റിക്രൂട്ട്മെന്റ് പ്രമോഷൻ റൂൾസ് അനുസരിച്ച് അസിസ്റ്റന്റ് സെയിൽസ്മാൻമാരെ മാനേജർ തസ്തികയിലേക്ക് നിയമിക്കുവാൻ സാധിക്കുകയില്ല. |
| (സി) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരിഗണനയിലില്ല. |
| (ഡി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ കാരണം കോർപ്പറേഷന് വർഷാവർഷം നഷ്ടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Beena

**സെക്ഷൻ ഓഫീസർ**